## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*132** **02/05/2017 -ൽ മറുപടിയ്ക്ക്**

## റബ്ബർ കർഷകരെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോർജ്ജ് എം.തോമസ്**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.സി. കെ. ഹരീന്ദ്രൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) അന്താരാഷ്ട്ര കമ്പോളത്തിൽ വിലയിടിവ് എന്ന കാരണത്താൽ രാജ്യത്തെ റബ്ബർ വില ഇടിക്കുന്ന ടയർ വ്യവസായ ലോബികൾ രാജ്യാന്തര കമ്പോളത്തിൽ വില താരതമ്യേന ഉയർന്നു നിൽക്കുന്ന സമയത്തും അതിലും വളരെ കുറഞ്ഞ നിലയിലേയ്ക്ക് വിപണി വില താഴ്ത്തി സംസ്ഥാനത്തെ കർഷകരെ ചൂഷണം ചെയ്യുന്നത് കേന്ദ്രസർക്കാർ ഇടപെട്ട് പരിഹരിക്കണമെന്ന് ആവശ്യപ്പെടുമോ; | (എ) സ്വാഭാവിക റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കപ്പെടുന്നത്. അതോടൊപ്പം റബ്ബറധിഷ്ഠിത വ്യവസായങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയും ,കമ്പോളത്തിൽ പ്രസ്തുത ഉൽപ്പന്നത്തിന്റെ ലഭ്യതയും വിലയിൽ വ്യതിയാനം വരുത്തുന്നു. സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം കൂട്ടുവാനും നിയന്ത്രണങ്ങൾ ഒഴിവാക്കി കയറ്റുമതി വർദ്ധിപ്പിക്കുവാനും അതുവഴി വില വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഇറക്കുമതിയും ഊഹക്കച്ചവടവും നിയന്ത്രിയ്ക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ? | (ബി) ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) കർഷകർക്ക് റബ്ബറിന് കിലോയ്ക്ക് 150 രൂപയെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി സംസ്ഥാനം സ്വീകരിച്ച നടപടികളും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാടും വ്യക്ത മാക്കാമോ? | (സി) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 'റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി' നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം കിലോയ്ക്ക് 150 രൂപ താങ്ങുവിലയായി നിജപ്പെടുത്തുകയും മാർക്കറ്റ് വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കർഷകർക്ക് അക്കൗണ്ട് വഴി നേരിട്ട് കൈമാറുകയും ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**